**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 386** **07-10-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി ഗവ: പോളിടെക്നിക്കിന്റെ പഞ്ചായത്ത് വക സ്ഥലം വിവിധ ആവശ്യങ്ങൾക്ക് കൈമാറൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജിന്റെ പഞ്ചായത്ത് വക സ്ഥലം സംബന്ധിച്ച് എൽ.എസ്.ജി.ഡി./ആർ.ഇ1/13/2024 നമ്പർ ഫയലിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർക്കും കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കും 21-06-24-ൽ നൽകിയ കത്തിന് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ഇല്ല. തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ 21/06/2024 തീയതിയിലെ ആർ.ഇ1/13/2024/ ത.സ്വ.ഭ.വ നമ്പർ കത്ത് കടുത്തരുത്തി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 29/08/2024 തീയതിയിലെ യോഗത്തിൽ അജണ്ടയായി ചർച്ച ചെയ്യുകയും 10 (1) തീരുമാന പ്രകാരം അങ്കണവാടി, ഫയർസ്റ്റേഷൻ ഇവ നിർമ്മിക്കുന്നതിന് നിർദ്ദിഷ്ട ഭൂമി അനുയോജ്യമാണെന്ന അനുയോജ്യത സാക്ഷ്യപത്രം, അങ്കണവാടി, ഹോമിയോ ആശുപത്രി എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അർത്ഥനാപത്രം എന്നിവ ലഭിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കത്ത് നൽകുവാൻ തീരുമാനിക്കുകയും ആയത് പ്രകാരം കത്ത് നൽകുകയും ചെയ്തു. നിർദ്ദിഷ്ടഭൂമിയുടെ ബി.റ്റി.ആർ.ന്റെ പകർപ്പ് ലഭിക്കുന്നതിന് കടുത്തുരുത്തി വില്ലേജ് ഓഫീസർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. കടുത്തുരുത്തി പോളിടെക്നിക്കിന് വിട്ട നൽകിയിരുന്ന വസ്തുവിന്റെ സർവ്വേ നമ്പരും നിലവിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ നമ്പരും വ്യത്യസ്തമായതിനാൽ ആയത് സംബന്ധിച്ച് കടുത്തുരുത്തി വില്ലേജ് ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല. വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ട മറുപടികൾ ലഭിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പൊതുവഴിയ്ക്കായി നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതി തിട്ടപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പ് നൽകിയ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കാൻ ഉണ്ടാകുന്ന കാലതാമസം വിശദീകരിക്കാമോ; പൊതുവഴി സംബന്ധിച്ച് കൃഷി വകുപ്പ് എൻ.സി.എ സെക്ഷൻ നൽകിയിരിക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്ന പ്രൊപ്പോസലിനോടൊപ്പം നിർദ്ദിഷ്ട ഭൂമിയുടെ ബി.റ്റി.ആർ. ന്റെ പകർപ്പ്, പ്രസ്തുത ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അർത്ഥനാപത്രം, നിർദ്ദിഷ്ടഭൂമി പ്രസ്തുത ആവശ്യത്തിന് അനുയോജ്യമാണെന്ന അനുയോജ്യത സാക്ഷ്യപത്രം എന്നിവ ഉള്ളടക്കം ചെയ്തിട്ടില്ലായിരുന്നു. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം കടുത്തുരുത്തി പോളിടെക്നിക്കിന് വിട്ടു നൽകിയിരുന്ന വസ്തുവിന്റെ സർവ്വേ നമ്പരും നിലവിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ നമ്പരും വ്യത്യസ്തമായിട്ടുള്ളതായതിനാൽ ആയത് സംബന്ധിച്ച റിപ്പോർട്ട്, ശ്രീ. ഡേവിസ് കടുപിത്തറ എന്നയാൾക്ക് മൂന്നു സെന്റ് സ്ഥലം നൽകണമെന്ന ആവശ്യത്തിന്മേൽ പ്രിൻസിപ്പൽ ഡയറക്ടറുടെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ 21.06.2024 തീയതിയിലെ ആർ.ഇ1/13/2024/തസ്വഭവ നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.<br><br>പൊതുവഴി സംബന്ധിച്ച് കൃഷി (എൻ.സി.എ.) വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയത് സംബന്ധിച്ച് കൃഷി (എൻ.സി.എ) വകുപ്പിൽ നിന്നും കൃഷി ഓഫീസർ, കടുത്തുരുത്തിയ്ക്ക് അയച്ചിട്ടുള്ള 14/09/2021-തീയതിയിലെ AGRI-NCA2/67/2019/AGRI നമ്പർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പോളിടെക്നിക്കിന് സ്ഥലം ഏറ്റെടുത്തപ്പോൾ കിടപ്പാടം നഷ്ടമായ ഡേവിസ് കടുപിത്തറ എന്നയാൾക്ക് മൂന്ന് സെൻറ് സ്ഥലം നൽകണമെന്ന ആവശ്യത്തിന്മേൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | (സി) | തദ്ദേശ സ്വയംഭരണ (ആർ.ഇ.)വകുപ്പിന്റെ 21/06/2024 തീയതിയിലെ ആർ.ഇ1/13/2024/ തസ്വഭവ നമ്പർ കത്ത് പ്രകാരം നിർദ്ദിഷ്ട വസ്തുവിന്റെ ബി.റ്റി.ആർ.ന്റെ പകർപ്പ് ലഭ്യമാക്കുന്നതോടൊപ്പം ശ്രീ. ഡേവിസ് കടുപിത്തറ എന്നയാൾക്ക് മൂന്ന് സെന്റ് നൽകണമെന്ന ആവശ്യം സംബന്ധിച്ച്, പ്രിൻസിപ്പൽ ഡയറക്ടറുടെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവഴിയ്ക്കായി | (ഡി) | സർക്കാരിൽ ലഭ്യമായ രേഖകൾ പ്രകാരം 09.05.2017-ലാണ് ആർ.സി4/137/2017/ത.സ.ഭ.വ. |

| | |
|---|---|
| നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും തിട്ടപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പ് നൽകിയ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കുന്നതിന് ഉണ്ടാകുന്ന 7 വർഷത്തെ കാലതാമസം എന്തിനു വേണ്ടിയാണെന്ന് വിശദീകരിക്കാമോ? | നമ്പർ ഫയലിൽ നടപടികൾ ആരംഭിച്ചത്. കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 19 ഏക്കർ 39.147 സെന്റ് വസ്തു ഗവ. പോളിടെക്നിക്ക് കോളേജിന് വിട്ടുകൊടുക്കുന്നതിന് 22.03.2005-ലെ സ.ഉ.(സാധാ) നം. 1105/05/ ത.സ്വ.ഭ.വ. പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു.<br><br>ടി ഭൂമിയിൽ നിന്നും 8 ഏക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിന് വിട്ടു നൽകുന്നതിന് 30.07.2014-ലെ സ.ഉ.(സാധ) നം.1969/2014/ ത.സ്വ.ഭ.വ. പ്രകാരം അനുമതി നല്കുകയുണ്ടായി.<br><br>AICTE വ്യവസ്ഥ പ്രകാരം 20 ഏക്കർ സ്ഥലം ആവശ്യമുണ്ടായിരുന്ന കാലഘട്ടത്തിലാണ് പോളിടെക്നിക്കിന് പരമാവധി സ്ഥലം ലഭ്യമാക്കുന്നതിന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചത്. എന്നാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം പോളിടെക്നിക്കിന് ആവശ്യമായി കണക്കാക്കുന്നത് 8 ഏക്കർ സ്ഥലം മാത്രമാണ്. ആയതിനാൽ സ്ഥാപനത്തിന്റെ ഭാവി വികസന ആവശ്യങ്ങൾകൂടി കണക്കിലെടുത്ത് 8.5 ഏക്കർ സ്ഥലം പോളിടെക്നിക്കിന് വിട്ടു നല്കുന്നതിന് 21.11.2017-ലെ സ.ഉ.(സാധാ)നം.3727/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു.<br><br>ശേഷിക്കുന്ന ഭൂമി സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഗവ. പോളിടെക്നിക്ക് കോളേജിനും കേന്ദ്രീയ വിദ്യാലയത്തിനും ഭൂമി അനുവദിച്ച ശേഷം ബാക്കി വരുന്ന സ്ഥലത്തുനിന്നും 60.5 സെന്റ് സ്ഥലം ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനും, 9 സെന്റ് സ്ഥലം ഗവ. ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനും, 8 സെന്റ് സ്ഥലം അംഗൻവാടി സ്ഥാപിക്കുന്നതിനും, 3 സെന്റ് സ്ഥലം പോളിടെക്നിക്ക്, കേന്ദ്രീയ വിദ്യാലയം എന്നീ ആവശ്യങ്ങൾക്കായി സ്ഥലമെടുപ്പ് നടത്തിയപ്പോൾ ജീവിക്കാൻ മറ്റ് നിർവ്വാഹമില്ലാത്ത ഒരു വ്യക്തിക്ക് വിട്ടു നൽകുന്നതിനും കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതി സർക്കാരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുള്ളതാണെന്നും, കൂടാതെ ശേഷിക്കുന്ന ഭൂമിയിൽ നിന്നും ഒരേക്കർ ഭൂമി ലൈഫ് മിഷന് വിട്ടു നല്കുന്നതിനും തീരുമാനിച്ചിരുന്നുവെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.<br><br>ഇത് സംബന്ധിച്ച് ഓരോ ആവശ്യത്തിനും ആവശ്യമായ ഭൂമിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം വ്യക്തമായ |

| | | | |
|---|---|---|---|
| | | | ശിപാർശയോടെ പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.<br><br>അതുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.01.2024-ലെ LSGD/PD/3968/2024-AR2 നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ടി വിഷയത്തിന്മേൽ ഈ വകുപ്പിലെ ആർ.ഇ1/13/2024/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ തുടർ നടപടി സ്വീകരിച്ചുവരികയാണ്.<br><br>പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്ന പ്രൊപ്പോസലിനോടൊപ്പം നിർദ്ദിഷ്ട ഭൂമിയുടെ ബി.റ്റി.ആർ. ന്റെ പകർപ്പ്, പ്രസ്തുത ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അർത്ഥനാപത്രം, നിർദ്ദിഷ്ടഭൂമി പ്രസ്തുത ആവശ്യത്തിന് അനുയോജ്യമാണെന്ന അനുയോജ്യത സാക്ഷ്യപത്രം എന്നിവ ഉള്ളടക്കം ചെയ്തിട്ടില്ലായിരുന്നു. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം കടുത്തുരുത്തി പോളിടെക്നിക്കിന് വിട്ടു നൽകിയിരുന്ന വസ്തുവിന്റെ സർവ്വേ നമ്പരും നിലവിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ നമ്പരും വ്യത്യസ്തമായിട്ടുള്ളതായതിനാൽ ആയത് സംബന്ധിച്ച റിപ്പോർട്ട്, ശ്രീ. ഡേവിസ് കടുപിത്തറ എന്നയാൾക്ക് മൂന്നു സെന്റ് സ്ഥലം നൽകണമെന്ന ആവശ്യത്തിന്മേൽ പ്രിൻസിപ്പൽ ഡയറക്ടറുടെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ 21.06.2024 തീയതിയിലെ ആർ.ഇ1/13/2024/തസ്വഭവ നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

കൃഷി(എൻ.സി.എ) വകുപ്പ്

നമ്പർ.AGRI-NCA2/67/2019-AGRI 14/09/2021,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ക്ൃഷി ഓഫീസർ

കടുത്തുരുത്തി,കോട്ടയം

സർ,

വിഷയം:- കൃഷി വകുപ്പ് - കടുത്തുരുത്തി വില്ലേജിൽ Fire station, Excise Office, Govt Polly Tehcnic എന്നീ സ്ഥാപനങ്ങൾക്കുള്ള റോഡ് നിർമിക്കുന്നതിന് സമർപ്പിച്ച അപേക്ഷ,-സംബ

സൂചന:- താങ്കളുടെ14.08.2018ലെ കെ.ബി.കെ.ഡി.വൈ19/2018-19 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. കോട്ടയം ജില്ലയിൽ കടത്തുരുത്തി വില്ലേജിൽ Fire station, Excise Office, Govt Polly Technic എന്നീ സ്ഥാപനങ്ങൾക്കുള്ള റോഡ് നിർമിക്കുന്നതിന് സമർപ്പിച്ച അപേക്ഷ, 16.07.2021 കൂടിയ സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിൽ സൂചിപ്പിച്ച ഇന്റേണൽ റോഡ് സംബന്ധിച്ച് വ്യക്തമായ പ്രൊപ്പോസൽ സമർപ്പിയ്ക്കണമെന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തു. കടുത്തുരുത്തി വില്ലേജിൽ ഗവ.പോളിടെക്നിക് , ഫയർസ്റ്റേഷൻ , Excise Office, എന്നിവയ്ക്കുള്ള ഇന്റേണൽ റോഡ് നിർമ്മിക്കുന്നതിന് സമർപ്പിച്ച അപേക്ഷ സ്ഥലം തരിശു പാടമായി കാണുന്നതും. ഒരു മൺ റോഡ് നിലവിലുള്ളതുമാണ്. പ്രസ്തുത സാഹചര്യത്തിൽ ഇന്റേണൽ റോഡ് നിർമ്മാണത്തിന് എത്ര നെൽവയൽ നികത്തപ്പെടേണ്ടി വരുമെന്നും, ആയതിന്റെ യഥാർത്ഥ സർവ്വേ നമ്പർ, വിസ്തൃതി, ഫാറം II അപേക്ഷ പരിവർത്തപ്പെടുത്തൽ പാരിസ്ഥിക വ്യവസ്ഥയെ ബാധിക്കാത്ത രീതിയിൽ സാധ്യമാണോ എന്നുള്ളത് സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിയ്ക്കാൻ താല്പ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
K J Salini
Deputy Secretary
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ്

സെക്രട്ടറി, ഗ്രാമപഞ്ചായത്ത് ,കടുത്തുരുത്തി,കോട്ടയം

എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി.ഡബ്ല്യു.ഡി

കടുത്തുരുത്തി,കോട്ടയം